ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 635/15 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിൽ പ്രതികളായി (1) രാജേഷ്, S/o. രാജൻ, (2) വൈശാഖ്, S/o. ബാലകൃഷ്ണൻ പുള്ളൂർ, (3) പ്രണവ്, S/o. ബാകൃഷ്ണൻ, പരപ്പ എന്നിവരുൾപ്പെടെ കണ്ടാലറിയാവുന്ന 50-ഓളം എ.ബി.വി.പി. അനുഭാവികളായ വിദ്യാർത്ഥികളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 3 പ്രതികളെ അറസ്റ്റ് ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. കേസിൽ ഉൾപ്പെട്ട മറ്റ് പ്രതികളെ കണ്ടെത്താൻ ഊർജ്ജിത അന്വേഷണം നടത്തിവരുന്നു.

പോലീസ് വകുപ്പിലെ വാഹനങ്ങൾ

144 (4479) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസിൽ ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെ എത്ര വാഹനങ്ങൾ നിലവിലുണ്ടെന്നും ആയതിൽ എത്രയെണ്ണം പ്രവർത്തനക്ഷമമായുണ്ടെന്നും പ്രവർത്തനരഹിതമായവ എത്രയെന്നും ഇനം തിരിച്ച് വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത വാഹനമോടിക്കുന്ന പോലീസുദ്യോഗസ്ഥർ/ഡ്രൈവർമാർ എത്രയെന്നും ലൈറ്റ് /ഹെവി മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനായി എത്ര ഡ്രൈവർമാർ ആവശ്യമുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) നിലവിൽ പോലീസ് വകുപ്പിൽ, ഇരുചക്രവാഹനമുൾപ്പെടെയുള്ള വാഹനങ്ങളിൽ എത്ര വാഹനങ്ങൾക്ക് ആർ.റ്റി.ഒ.-യുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റും മലിനീകരണ സർട്ടിഫിക്കറ്റുമുണ്ടെന്നും ഇല്ലാത്തവ എത്രയെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പോലീസ് വകുപ്പിന്റെ വാഹനങ്ങളിൽ 2011 മുതൽ 2015 വരെ എത്ര വാഹനങ്ങൾ അപകടത്തിൽപ്പെട്ടുവെന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉള്ള വാഹനങ്ങൾ എത്ര അപകടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്, ഇല്ലാത്തവ എത്ര അപകടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് ; വർഷവും ജില്ലയും തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഇ) പോലീസ് വകുപ്പിൽ 15 വർഷത്തിൽ കൂടുതലായതും അല്ലാത്തതുമായ വാഹനങ്ങൾ എത്ര ; 2011-നുശേഷം വാങ്ങിയ വാഹനങ്ങളെത്രയെന്നും 2011-നു ശേഷം എത്ര വാഹനങ്ങൾ ലേലം ചെയ്തുവെന്നും എത്ര തുക ഈ വകയിൽ ലഭിച്ചു എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പോലീസ് വകുപ്പിൽ വാഹനം ഓടിക്കുന്ന പോലീസുകാർ എത്രപേർ എന്നും അവരിൽ യഥാവിധി സർട്ടിഫിക്കറ്റുള്ളവർ എത്രയെന്നും ഇല്ലാത്തവരെത്രയെന്നും എത്ര പോലീസുകാരെ നിർബന്ധ സേവനത്തിന്റെ ഭാഗമായി ഇത്തരം സ്ഥലങ്ങളിൽ സേവനത്തിനായി ഉപയോഗിക്കുന്നുവെന്നും വ്യക്തമാക്കുമോ ;

(ജി) പോലീസ് വാഹനങ്ങളുണ്ടാക്കുന്ന അപകടങ്ങളിൽ പ്രതികൾ രക്ഷപ്പെടുന്നത് പരിശോധിക്കാൻ മോട്ടോർ വാഹന വകുപ്പ് എന്ത് നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന പോലീസിൽ ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെ ആകെ 7195 വാഹനങ്ങൾ നിലവിലുണ്ട്. അവയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.*

(ബി) പോലീസ് വാഹനം ഓടിക്കുന്നതിന് ഇപ്പോൾ നിലവിലുള്ള പോലീസ് ഉദ്യോഗസ്ഥർ/ഡ്രൈവർമാർ -2969. എന്നാൽ ആവശ്യമായ ഡ്രൈവർമാർ -5886.

(സി) പോലീസ് വകുപ്പിലെ എല്ലാ വാഹനങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റും മലിനീകരണ സർട്ടിഫിക്കറ്റും ഉണ്ട്. രേഖകളില്ലാത്ത പോലീസ് വാഹനങ്ങൾ നിരത്തിലിറക്കാറില്ല.

(ഡി) അപകടത്തിൽപ്പെട്ട വാഹനങ്ങളുടെ എണ്ണം-505. അപകടത്തിൽപ്പെട്ട എല്ലാ വാഹനങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു. അപകടങ്ങളുടെ വർഷം തിരിച്ചുള്ള വിവരം അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.*

(ഇ)

പോലീസ് വകുപ്പിൽ 15 വർഷത്തിൽ കൂടുതലുള്ള വാഹനങ്ങൾ ഉൾപ്പെടെ ആകെ വാഹനങ്ങൾ	7195
2011-ന് ശേഷം വാങ്ങിയ വാഹനങ്ങൾ	1080
2011-ന് ശേഷം ലേലം ചെയ്ത വാഹനങ്ങൾ	426
ലേലം വഴി ലഭിച്ച തുക	4,25,03,216.50 രൂപ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പോലീസ് വാഹനം ഓടിക്കുന്നതിന് അംഗീകാരം നൽകിയിട്ടുള്ള പോലീസുദ്യോഗസ്ഥരുടെ എണ്ണം 831. ഇവർ എല്ലാവരുംതന്നെ നിശ്ചിത യോഗ്യത ലഭിച്ചിട്ടുള്ളവരാണ്. ആരെയും നിർബന്ധിതമായി ഡിപ്പാർട്ടുമെന്റ് വാഹനം ഓടിക്കുന്നതിന് നിയോഗിച്ചിട്ടില്ല.

(ജി) പോലീസ് വാഹനങ്ങളുണ്ടാക്കുന്ന അപകടത്തിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർ നിയമ നടപടികളിൽനിന്നും ഒഴിവാക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആലപ്പുഴ ജില്ലയിൽ വർദ്ധിച്ചുവരുന്ന മോഷണം

145 (4480) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ മോഷണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ആലപ്പുഴ ജില്ലയിൽ എത്ര മോഷണ കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; ഇതിൽ എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട് ;

(സി) അരൂർ നിയോജകമണ്ഡലം എം.എൽ.എ.-യുടെ വീട്ടിൽ നടന്ന മോഷണവുമായി ബന്ധപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) അറസ്റ്റ് ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 780/2015 U/s 457, 461, 380 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിത അന്വേഷണം നടത്തിവരുന്നു.

ഉഴവൂർ മോനിപ്പള്ളി ജോസഫ് കുര്യന്റെ കൊലപാതകം

146 (4481) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഉഴവൂർ പഞ്ചായത്ത് മോനിപ്പള്ളി വില്ലേജിൽ ജോസഫ് കുര്യൻ എന്ന ബേബിയുടെ കൊലപാതകത്തെക്കുറിച്ചുള്ള പോലീസ് അന്വേഷണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly